(ബി) തുടർന്നുള്ള വർഷങ്ങളിൽ നാളിതുവരെ ഇക്കാരണത്താൽ എത്രമാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) 2002–03 വർഷത്തിൽ ഇപ്രകാരമുണ്ടായ നഷ്ടത്തെ കുറിച്ച് സി. എ. ജി. അഭിപ്രായപ്പെട്ടതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സി. എ. ജി. യുടെ പരാമർശത്തിന് കെ. എസ്. ആർ. ടി. സി.-യോ സർക്കാരോ ഇതുവരെ മറുപടി നൽകാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചുള്ള ഡ്രാഫ്റ്റ് പാരഗ്രാഫിൽ കോർപ്പറേഷന്റെ വർക്ക് ഷോപ്പുകളിൽ ബോഡി ചെയ്യാതെ പൂർണ്ണമായും ബോഡി ചെയ്ത 40 മിനി ബസ്സുകളും വാങ്ങിയതുവഴി കോർപ്പറേഷന് 56 ലക്ഷം രൂപയ്ക്ക് തുല്യമായ തൊഴിൽ മൂല്യം നഷ്ടപ്പെട്ടു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ യാതൊരുവിധ തൊഴിൽ ദിനങ്ങളും നഷ്ടപ്പെടുത്തിയിട്ടില്ല എന്നു മാത്രമല്ല പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്.

(ബി) കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ ലഭ്യമായ തൊഴിൽ സൗകര്യങ്ങളും തൊഴിലാളികളുടെ സേവനവും പാഴാക്കാതെ വർക്ക്ഷോപ്പുകളിൽ ഡോക്ക് ചെയ്തിരുന്ന ബസ്സുകളുടെ മറ്റ് അറ്റകുറ്റപ്പണികൾക്ക് വിനിയോഗിച്ചിട്ടുണ്ട്. ഇക്കാരണത്താൽ നഷ്ടം ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(സി) കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും ബോഡി ചെയ്യാതെ പൂർണ്ണമായും ബോഡി ചെയ്ത 40 മിനി ബസ്സുകളും വാങ്ങിയതുവഴി കോർപ്പറേഷന് 56 ലക്ഷം രൂപയ്ക്ക് തുല്യമായ തൊഴിൽ മൂല്യം നഷ്ടപ്പെട്ടു എന്നാണ് പറഞ്ഞിരിക്കുന്നത്.

(ഡി) സി. എ. ജി. യുടെ പരാമർശത്തിൻമേൽ സർക്കാർ വിശദമായ മറുപടി അക്കൗണ്ടന്റ് ജനറലിന് നൽകിയിട്ടുണ്ട്. ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും പ്രത്യേക താൽപ്പര്യമനുസരിച്ചാണ് കെ. എസ്. ആർ. ടി. സി. യുടെ വലിയ വാഹനങ്ങൾ ഓടാൻ പറ്റാത്ത സ്ഥലങ്ങളിൽ ഓടിക്കുന്നതിന് വേണ്ടി മിനി ബസ്സുകൾ വാങ്ങിയിട്ടുള്ളത്. മിനി ബസ്സുകൾ വാങ്ങിയ ഈ കാലയളവിൽ വർക്ക്ഷോപ്പുകളിൽ മെക്കാനിക്കൽ തൊഴിലാളികളുടെ വലിയ കുറവ് ഉണ്ടായിരുന്നു. യാത്രാസൗകര്യം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ മിനി ബസ്സുകൾ ബോഡി ചെയ്ത് ഇറക്കുന്നതിന് ആവശ്യമായ തൊഴിലാളികൾ ഉണ്ടായിരുന്നില്ല എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

കാട്ടാക്കടയിൽ കെ. എസ്. ആർ. ടി. സി. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

111 [2248] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ കെ. എസ്. ആർ. ടി. സി. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ബി) സ്ഥല സൗകര്യമുള്ളതുകൊണ്ട് വ്യാപാര സമുച്ചയത്തിനോടൊപ്പം ഒരു ഓഫീസ് സമുച്ചയം കൂടി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല് മാസങ്ങൾക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പരിഗണനയിലില്ല.

പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻറ്
കെട്ടിടം നന്നാക്കാൻ നടപടി

112 [2249] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻറ് കെട്ടിടം അറകുറപ്പണികൾ നടത്താത്തതിനാൽ ജീർണ്ണാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദ വിവരം അറിയിക്കാമോ;

(സി) വൈദ്യുതി, കുടിവെള്ള വിതരണം, സാനിറേറി സംവിധാനങ്ങൾ എന്നിവ പുനരുദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെട്ടിടത്തിന്റെ പെയിൻറിംഗ് ജോലികൾ ഉടൻ നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. തുക അനുവദിക്കുന്നതിനുവേണ്ടി എസ്റ്റിമേറ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കെട്ടിടത്തിന്റെ അറകുറപ്പണികൾ തീരുന്ന മുറയ്ക്ക് പെയിൻറിംഗ് ജോലികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

തലശ്ശേരി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ

113 [2250] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യമുന്നയിച്ചുള്ള എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിൻമേൽ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ബസ് സ്റ്റേഷൻ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly